# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1114** **10.08.2017-ൽ മറുപടിയ്ക്ക്**

## സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് വിതരണം ചെയ്യുന്ന അരിയുടെയും മറ്റ് ധാന്യങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്; | എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് വിതരണം ചെയ്യുന്ന അരി ഗോഡൗണുകളിൽ വച്ച് അതാത് സപ്ലൈകോ ഡിപ്പോ മാനേജർ ക്വാളിറ്റി മാനേജരുടെ സഹായത്തോടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തിയശേഷമാണ് വിതരണത്തിന് എടുക്കാറുള്ളത്. ഏതാനും ചില ചാക്കുകളിൽ നിന്ന് (റാൻഡമായി) സാമ്പിളുകൾ ശേഖരിച്ചാണ് പരിശോധന നടത്താറുള്ളത്. |
| ബി) ഇത്തരം ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര മില്ലായ്മ ബോധ്യപ്പെട്ടാൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്; | ബി) പരിശോധനയിൽ ക്വാളിറ്റി മോശമാണെന്ന് കാണുന്ന അരി സപ്ലൈകോ സ്വീകരിക്കുന്നില്ല. |
| സി) ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരമില്ലായ്മ സംബന്ധിച്ച് ഏതെങ്കിലും സ്കൂളുകൾ ഈ അദ്ധ്യയന വർഷം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ ഇതിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; | സി) അരിയുടെ ഗുണനിലവാരം മോശമാണെന്ന് ചൂണ്ടിക്കാട്ടി മണക്കാട് ഗവൺമെന്റ് റ്റി.റ്റി.ഐ, കമ്പഴ എം.പി.വി. ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ വിവരം സപ്ലൈകോയെ അറിയിച്ചിട്ടുണ്ട്.അരി മാറ്റി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) പ്രസ്തുത പദ്ധതിയ്ക്കായി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനാവശ്യ മായ നടപടി സ്വീകരിക്കുമോ? | ഡി) ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ട്. ഇത് സംബന്ധിച്ച് പരാതികളുണ്ടാവുക യാണെങ്കിൽ സപ്ലൈകോയുമായി ബന്ധപ്പെട്ട് പരാതി കളിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെട്ടാൽ അരി മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ